പതിമൂന്നാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 3816

26.06.2012-ലെ മറുപടിയ്ക്ക്

**ബേപ്പൂർ മറൈൻ പാർക്ക്**

| **ചോദ്യം** | **ഉത്തരം** |
|---|---|
| ശ്രീ. എളമരം കരീം | ശ്രീ.പി. കെ കുഞ്ഞാലിക്കുട്ടി (വ്യവസായവും വിവരസാങ്കേതികവും വകുപ്പ് മന്ത്രി) |
| (എ) ബേപ്പൂർ മറൈൻ പാർക്ക് പദ്ധതിയുടെ ഇപ്പോഴത്തെ അവസ്ഥ എന്താണെന്ന് വിശദമാക്കുമോ; | (എ) ബേപ്പൂരിൽ മറൈൻ പാർക്ക് സ്ഥാപിക്കുന്നതുമായി ബന്ധപ്പെട്ട് കിൻഫ്ര 22ഏക്കർ ഭൂമി ഏറ്റെടുത്തിട്ടുണ്ട്. ഒന്നാം ഘട്ട വികസനവുമായി ബന്ധപ്പെട്ട് 16 കോടി രൂപയുടെ പദ്ധതികൾ വിഭാവനം ചെയ്തിട്ടുണ്ട്. ഒന്നാം ഘട്ട വികസനത്തിൻെറ ഭാഗമായി റോഡുകളുടെ വികസനം, പാർക്ക് ഓഫീസ്, ഭൂമി വികസനം, ചുറ്റുമതിൽ നിർമ്മാണം എന്നീ വികസന പ്രവർത്തനങ്ങൾ ഏറ്റെടുത്ത് നടപ്പിലാക്കി വരുന്നു. ഇവയുടെ നിർമ്മാണ പ്രവർത്തനങ്ങൾ പൂർത്തീകരിച്ച്, അടിസ്ഥാന സൗകര്യങ്ങളായ ജലം, വൈദ്യുതി, എന്നിവ ലഭ്യമാക്കി പാർക്ക് പൂർണ്ണ തോതിൽ പ്രവർത്തന സജ്ജമാക്കുന്നതിനാണ് ലക്ഷ്യമിട്ടിരിക്കുന്നത്. |
| (ബി) പ്രസ്തുത പദ്ധതിയിൽ ഏതെങ്കിലും സംരംഭകർക്ക് പ്രവർത്തനം ആരംഭിക്കാൻ നിർദ്ദേശം നൽകിയിട്ടുണ്ടോ; വ്യക്ത മാക്കാമോ; | ബി) പ്രസ്തുത പാർക്കിൽ വ്യവസായങ്ങൾ ആരംഭിക്കുന്നതിന് 10 വ്യവസായ സംരംഭകർ അപേക്ഷ നൽകിയിട്ടുണ്ട്. കോസ്റ്റൽ റെഗുലേഷൻ സോണുമായി ബന്ധപ്പെട്ട അനുമതിക്ക് വിധേയമായി മാത്രമേ യൂണിറ്റുകൾക്ക് പ്രവർത്തനാനുമതി നൽകാൻ കഴിയൂ. ഇതുമായി ബന്ധപ്പെട്ട മാപ്പിംഗ് നടത്തുന്നതിന് സെസ്സിനെ ചുമതലപ്പെടുത്തിയിട്ടുണ്ട്. മാപ്പിംഗ് പൂർത്തിയാകുന്ന മുറയ്ക്ക് അലോട്ട്മെൻറ് നൽകാൻ കഴിയുമെന്ന് കരുതുന്നു. |

| | |
|---|---|
| സി) മറൈൻ പാർക്ക് പദ്ധതി സംബന്ധിച്ച് തയ്യാറാക്കിയ രൂപരേഖ വിശദമാക്കാമോ? | സി) ഒന്നാം ഘട്ട വികസനവുമായി ബന്ധപ്പെട്ട് 1.6 കോടി രൂപയുടെ പദ്ധതികൾ വിഭാവനം ചെയ്തിരിക്കുന്നു. ഇവയുടെ നിർമ്മാണ പ്രവർത്തനങ്ങൾ പൂർത്തീകരിച്ച്, അടിസ്ഥാന സൗകര്യങ്ങളായ ജലം, വൈദ്യുതി എന്നിവ ലഭ്യമാക്കി പാർക്ക് പൂർണ്ണ തോതിൽ പ്രവർത്തന സജ്ജമാക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ